# ആമുഖം

മതനവീകരണയത്നങ്ങളിൽ തുടങ്ങി സാമൂഹിക നവോത്ഥാനത്തിലൂടെ ഭാരതത്തിന്റെ സ്വാതന്ത്ര്യപ്രാപ്തിയിൽ സംപൂർത്തി നേടിയ ദേശീയപ്രസ്ഥാനം ഭാരതീയജീവിതത്തിന്റെ സമസ്തമേഖലകളെയും സമാശ്ലേഷിക്കുകയുണ്ടായി. രാഷ്ട്രസ്വാതന്ത്ര്യം ദേശീയപ്രസ്ഥാനത്തിന്റെ മുഖ്യലക്ഷ്യമായിരുന്നെങ്കിലും നവീനമൂല്യബോധവും സാംസ്കാരിക പ്രബുദ്ധതയും സാമൂഹിക പരിഷ്കരണ ത്വരയും ജനങ്ങളിൽ സന്നിവേശിപ്പിക്കുവാൻ അതിനു കഴിഞ്ഞു. ഭാരതീയ സാഹിത്യവും സംസ്കാരവും ദേശീയപ്രസ്ഥാന നായകൻമാരുടെ ആദർശങ്ങളാൽ പ്രഭാവിതമായി. പ്രാദേശിക ഭാഷാസാഹിത്യങ്ങളുടെ പരിധാനങ്ങൾ വിവിധങ്ങളാണെങ്കിലും അടിസ്ഥാനപരമായ ഐക്യം ദേശീയപ്രസ്ഥാന കാലഘട്ടത്തിൽ വീണ്ടും പ്രഫുല്ലമായി. ഈ പ്രബുദ്ധത പൂർണ്ണസാഫല്യം നേടിയതു് കവിതകളിലൂടെയായിരുന്നു. മലയാളകവിതയെ ദേശീയപ്രസ്ഥാനം എങ്ങനെ സ്വാധീനിച്ചു എന്നു് അന്വേഷിക്കുകയാണു്, പ്രബന്ധലക്ഷ്യം.

ദേശീയപ്രസ്ഥാനം ബഹുമുഖിയായ ഒരു പ്രതിഭാസമായിരുന്നുവെങ്കിലും, രാഷ്ട്രീയ സ്വാതന്ത്ര്യത്തെ അതു മുഖ്യലക്ഷ്യമായി വരിച്ചു. ഗാന്ധിയൻ പ്രഭാവം ദേശീയപ്രസ്ഥാനത്തിന്റെ ജലകും പിടിയും മാറ്റിയെടുത്തു.

ഈ ഗുണാത്മകമായ പരിണാമത്തിനു് ഗാന്ധിജിയുടെ നിര്യാണം വിരാമം കുറിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകം മുതൽ 1948 വരെ വിരചിതമായ കവിതകളെയാണു് പ്രബന്ധ പരിപ്രേക്ഷ്യത്തിൽ ഉൾപ്പെടുത്തുന്നതു്.

പ്രബന്ധം ഒൻപതു് അദ്ധ്യായങ്ങളായി ഗ്രഥിച്ചിരിക്കുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ ചരിത്രവസ്തുതകളുടെ സംക്ഷേപമാണു് ഒന്നാം അദ്ധ്യായം. കൂടാതെ പ്രസ്തുത പ്രസ്ഥാനത്തിന്റെ മൗലികധാരകളെ നിർദ്ധാരണം ചെയ്യുന്നുമുണ്ട്, അതിൽ.

ഭാരതത്തിലെ പ്രാദേശികഭാഷാ സാഹിത്യങ്ങളിൽ ദേശീയപ്രസ്ഥാനം ചെലുത്തിയ പ്രഭാവം എപ്രകാരം കവിതകളിൽ പ്രതിഭാസിക്കുന്നു എന്നു വിശദമാക്കുന്നു, രണ്ടാമദ്ധ്യായത്തിൽ.

കേരളത്തിലെ ദേശീയപ്രസ്ഥാനത്തിന്റെ ഉല്പത്തി വികാസ പരിണാമങ്ങളെ സംഗ്രഹിച്ചിരിക്കുന്നു, മൂന്നാമദ്ധ്യായത്തിൽ. ദേശീയപ്രസ്ഥാനത്തിലൂടെ പ്രസാരണം ചെയ്യപ്പെട്ട ചിന്താതരംഗങ്ങൾ കവികളിൽ സൃഷ്ടിച്ച പ്രതിസ്പന്ദങ്ങളെ പഠിക്കുന്നു നാലാമദ്ധ്യായത്തിൽ.

ദേശീയപ്രസ്ഥാനം കേരളത്തിൽ സജീവമായിരുന്ന കാലഘട്ടത്തിൽ മലയാളകവിത കവിത്രയകേന്ദ്രിതമായിരുന്നു. ദേശീയപ്രസ്ഥാനത്തിന്റെ അന്ത:സത്തയെ ആത്മസാൽക്കരിക്കുകയും കാവ്യാത്മകമായി അതിനോടു പ്രതികരിക്കുകയും ചെയ്ത കവിത്രയം സവിശേഷപഠന വിഷയമാകുന്നു. ആശാൻ,

ഉള്ളൂർ, വള്ളത്തോൾ എന്നിവരുടെ കവിതകളിലെ ദേശീയപ്രസ്ഥാന സ്വാധീനത യഥാക്രമം അഞ്ചും ആറും ഏഴും അദ്ധ്യായങ്ങളിൽ പ്രതിപാദിക്കുന്നു.

കവിത്രയത്തിനു സമകാലീനമായി കാവ്യരംഗത്തു പ്രത്യക്ഷപ്പെട്ട കവികളുണ്ട്. ലബ്ധപ്രതിഷ്ഠരായ ഈ കവികളുടെ രചനകളെ എട്ടാമദ്ധ്യായത്തിൽ സാമാന്യമായി അവലോകനം ചെയ്യുന്നു. പത്രമാസികകളിൽ പ്രസിദ്ധീകൃതമായ കവിതകളിലൂടെ ദേശീയപ്രസ്ഥാനത്തിന്റെ സമകാലികസത്തയുമായി സംവദിച്ച കവികളെയും ഈ അവലോകനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പഠനഫലമായ നിഗമനങ്ങളാണ്, ഒൻപതാം അദ്ധ്യായത്തിൽ സമാഹരിച്ചിരിക്കുന്നത്.

ഈ പ്രബന്ധത്തിന്റെ രചനയ്ക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കിയ എന്റെ വന്ദ്യ ഗുരുനാഥനും പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലെ മലയാള ഗവേഷണ വിഭാഗം ഡയറക്ടറുമായ ഡോക്ടർ സാമുവൽ ചന്ദനപ്പള്ളിയോട് എനിക്കുള്ള അഗാധമായ കൃതജ്ഞത രേഖപ്പെടുത്തുന്നു. ഗവേഷണത്തിനനുകൂലമായ സാഹചര്യങ്ങൾ ഒരുക്കിത്തന്ന കാതോലിക്കേറ്റ് കോളേജ് പ്രിൻസിപ്പൽ ഡോ: കെ.സി. ജോണിനോടും മലയാള വകുപ്പ് അദ്ധ്യക്ഷനായിരുന്ന പ്രൊഫ.കെ.വി. തമ്പിയോടും നിസ്സീമമായ നന്ദിയുണ്ട്.

പഠനത്തിന്റെ പൂർത്തീകരണത്തിന് ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമനുസരിച്ച് സഹായം നല്കിയ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷ

നോടുള്ള കടപ്പാട് രേഖപ്പെടുത്തുന്നു. പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ്, തുരുത്തിക്കാട് ബി.എ.എം. കോളേജ്, കേരള സാഹിത്യ അക്കാദമി എന്നീ സ്ഥാപനങ്ങളിലെ ലൈബ്രറികൾ ഉപയോഗിക്കുവാനനുവദിച്ച അധികൃതരോടുള്ള നന്ദിയും പ്രകാശിപ്പിക്കുന്നു.

പ്രബന്ധത്തിന്റെ ടൈപ്പിംഗ് നിർവ്വഹിച്ച പത്തനംതിട്ട രാജശ്രീ ഫോട്ടോസ്റ്റാറ്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ ശ്രീമതി. രതിയോട് കൃതജ്ഞതയുണ്ട്.

ജോൺ പാറക്കടവിൽ.